## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.123 — 21-01-2014-ലെ മറുപടിയ്ക്ക്

## പാലിന്റെ ആവശ്യവും ലഭ്യതയും

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ;**<br>**ശ്രീ.കെ.വി.വിജയദാസ്;**<br>**ശ്രീ.സാജുപോൾ:** | **ശ്രീ. കെ. സി. ജോസഫ്**<br>**(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനം ഇപ്പോൾ പാൽക്ഷാമം നേരിടുന്നുണ്ടോ ; സംസ്ഥാനത്ത് പാലിന്റെ പ്രതിദിന ആവശ്യവും ലഭ്യതയും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ യെന്ന് വിശദമാക്കാമോ ; | എ & ബി) സംസ്ഥാനത്ത് ഇപ്പോൾ പാൽക്ഷാമം അനുഭവപ്പെടുന്നില്ല. പാലിന്റെ ആവശ്യകതയും ലഭ്യതയും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പാലിന്റെ പ്രതിദിന ആവശ്യകത ഏകദേശം 85 ലക്ഷം ലിറ്റർ ആണ്. പ്രതിദിനം 2-3 ലക്ഷം ലിറ്റർ പാലിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. ഈ കുറവ് പരിഹരിച്ച് ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം പാലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് മിൽമ അയൽ സംസ്ഥാനങ്ങളിലെ ഡയറികളിൽ നിന്നും പാൽകൊണ്ടുവരുന്നുണ്ട്. |
| ബി) പാൽ ക്ഷാമം നേരിടുന്നുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണങ്ങൾ വിശദമാക്കുമോ ; | |
| സി) സംസ്ഥാനത്തിന്റെ പാലുല്പാദന ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ ; | സി) പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിലേയ്ക്കായി ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആവശ്യമുള്ളതിന്റെ ഏകദേശം 90 ശതമാനത്തിലധികം പാൽ സംസ്ഥാനത്തിനകത്തു തന്നെ ഉല്പാദിപ്പിക്കുന്നു. |

| | |
|---|---|
| ഡി) കുളമ്പുരോഗം മൂലം സംസ്ഥാനത്ത് ഇതുവരെ ചത്തൊടുങ്ങിയ കന്നുകാലികളുടെ വിശദാംശം ക്ഷീരവികസന വകുപ്പിൽ ലഭ്യമാണോ ; കുളമ്പുരോഗം പാൽ ഉല്പാദനത്തിൽ കുറവു വരുത്തിയിട്ടുണ്ടോ ? | ഡി) കുളമ്പുരോഗം മൂലം സംസ്ഥാനത്ത് ഇതുവരെ ചത്തൊടുങ്ങിയ കന്നുകാലികളുടെ വിശദാംശങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിവരുന്നു. ലഭ്യമായിരിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ ക്ഷീരസംഘങ്ങളിൽ നിന്നും ഡെയറികളിലേയ്ക്ക് ലഭിക്കുന്ന പാലിൽ കാര്യമായ കുറവു വന്നിട്ടില്ല. എങ്കിലും തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നേരിയ കുറവു വന്നതായി അറിയുന്നു. |

സെക്ഷൻ ഓഫീസർ